# 'അമൃത ലൈഫ്' ആയുർവേദ മരുന്നു നിർമാണ യൂണിറ്റ് തുടങ്ങി

കൊല്ലം: ആയുർവേദവും ആധ്യാത്മികതയും രണ്ടല്ലെന്നും ആധ്യാത്മിക വിശ്വാസമുള്ള ചികിത്സകളിലാണ് ആയുർവേദ ചികിത്സയുടെ പൂർണതയെന്നും മാതാ അമൃതാനന്ദമയി മഠം വൈസ് ചെയർമാൻ സ്വാമി അമൃതസ്വരൂപാനന്ദപുരി അഭിപ്രായപ്പെട്ടു.

അമൃത എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പുതിയ സംരംഭമായ 'അമൃത ലൈഫ്' ആയുർവേദ മരുന്നു നിർമാണ യൂണിറ്റ് വള്ളിക്കാവ് അമൃത ആയുർവേദ മെഡിക്കൽ കോളജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു.

സ്വാമി ജ്ഞാനാമൃതാനന്ദപുരി, സുധാകർ ജയറാം, ഡോക്ടർമാരായ ശങ്കരചൈതന്യ, എൻ.പി.പി. നമ്പൂതിരി, രാമനാഥൻ, പി. റാം മനോഹർ, രമേഷ് എന്നിവർ പ്രസംഗിച്ചു.

ഡോ. മറ്റക്കര രാമചന്ദ്രൻ നായരെ ചടങ്ങിൽ ആദരിച്ചു.